ഉത്തരം

(എ&ബി) 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 112/12/ത.സ്വ.ഭ.വ. പ്രകാരം വികലാംഗരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും 5-11-2011-ലെ സ.ഉ. (കൈ) നമ്പർ 38/11/ഭ.സി.സ.വ. പ്രകാരം അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകളാക്കി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വികലാംഗരുൾപ്പെടെയുള്ളവരുടെ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി നൽകുന്നുണ്ട്.

മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം

291 (1348) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സബ്സിഡി നിരക്കിൽ മത്സ്യബന്ധന യാനങ്ങൾക്കു മണ്ണെണ്ണ വിതരണത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ; മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള ഔട്ട്ലെറ്റുകൾ ഏതെല്ലാം ജില്ലയിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ സ്ഥാപിക്കുമെന്നറിയിക്കുമോ?

ഉത്തരം

മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ആദ്യഘട്ടമായി താഴെ പറയുന്ന സ്ഥലങ്ങളിൽ മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ ബങ്കുകൾ സ്ഥാപിക്കുന്നതിന് 19-8-2014-ലെ സ.ഉ.(സാധാ) നമ്പർ 722/14/മ.ഉ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

ക്രമ നമ്പർ	ജില്ല	മണ്ണെണ്ണ ബങ്കിനായി ശിപാർശ ചെയ്യുന്ന സ്ഥലം
(1)	(2)	(3)
1	തിരുവനന്തപുരം	വിഴിഞ്ഞം
		മരിയനാട്
2	കൊല്ലം	നീണ്ടകര

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
3	ആലപ്പുഴ	വളഞ്ഞവഴി
		അർത്തുങ്കൽ
4	തൃശ്ശൂർ	അഴീക്കോട് ഹാച്ചറി കോമ്പൗണ്ട്
5	മലപ്പുറം	ഉണ്ണിയാൽ
		പൊന്നാനി ഫിഷിംഗ് ഹാർബർ
6	കോഴിക്കോട്	പുതിയാപ്പ
7	കണ്ണൂർ	മാപ്പിളബേ ഫിഷിംഗ് ഹാർബർ
8	കാസർഗോഡ്	കസബ ഐസ് പ്ലാന്റിന് സമീപം

ബങ്കുകൾക്കുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എറണാകുളം ജില്ലയിൽ ബങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഹോട്ടലുകളിലെ ഗ്രേഡിംഗും വില ഏകീകരണവും

292 (1349) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലും പാകം ചെയ്ത ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങളിലും ഗ്രേഡിംഗ്, വില ഏകീകരണം എന്നിവ ഏർപ്പെടുത്തുന്നതിന് നിയമം കൊണ്ടുവരുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമനിർമ്മാണത്തിനുള്ള ബിൽ എപ്പോൾ അവതരിപ്പിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതു സംബന്ധിച്ച നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly